
ലേഖനം ● **മുഹമ്മദ് ശമീം**




**സമൂഹത്തോട് തനിക്കുള്ള കടമ മറന്ന് മഹാദുരന്തങ്ങളുടെ നടുവിലും കേവലം വ്യക്തിഗത ദാർശനിക ദുഃഖങ്ങളിൽ മുഴുകുന്ന സാഹിത്യകാരനും തന്റെ ജ്ഞാനത്തെ സാമൂഹിക വിമോചനത്തിനുള്ള ഉപായമാക്കാത്ത ശാസ്ത്രജ്ഞനും ആത്മീയ പരിശ്രമങ്ങളാൽ സ്വന്തം മനസ്സുഖവും നിർവൃതിയും മാത്രം ലക്ഷ്യമാക്കുന്ന തപസ്വിയുമൊന്നും തനിക്കപ്പുറം വളർന്നവരല്ല.**

### കല ജീവിതത്തെ തൊടുന്നത്- 2

# കലയുടെ സാമൂഹികത

**പലപ്പോഴും** സംഗീതം ധാർമികമോ അധാർമികമോ ആയ പ്രേരണകളെ പ്രചോദിപ്പിച്ചില്ലെന്നു വരാം. ഇവിടെ, മാനസികമായ ആനന്ദവും സ്വാസ്ഥ്യവും ഉദ്ദേശിച്ചോ ആഹ്ലാദത്തിൽ മുഴുകുന്നതിനോ ഒരാൾ സംഗീതം ശ്രവിക്കുകയാണെങ്കിൽ, ആഹ്ലാദത്തിന്റെ കാരണം അനഭിലഷണീയമായ ഒന്നുമല്ലാത്തതോ അനുഭവിക്കുന്ന ആനന്ദം വൈയക്തിക സാമൂഹിക ബാധ്യതകളിൽനിന്ന് വിസ്മൃതനാക്കാത്തതോ ആണെങ്കിൽ അതിൽ യാതൊരു തെറ്റുമില്ലെന്നാണ് മൂന്നാമത്തെ ഇനത്തെ ഇമാം ഗസ്സാലി വിശദീകരിക്കുമ്പോൾ മനസ്സിലാവുക. സ്ത്രീയുടെ കവിൾ, കൈകാലുകൾ തുടങ്ങിയവ വർണിച്ച് പാട്ട് രചിക്കുന്നതോ സംഗീതോപകരണമുപയോഗിച്ചോ അല്ലാതെയോ പാടുന്നതോ സ്വന്തംനിലക്ക് നിഷിദ്ധമല്ലെന്ന് അദ്ദേഹം പറയുന്നു. എന്നാൽ, അനുവാചകൻ തനിക്ക് നിഷിദ്ധയോ അന്യയോ ആയ സ്ത്രീയെ അന്നേരം സങ്കൽപിക്കരുത്. ഈ സങ്കൽപമാണ് ഇവിടെ നിഷിദ്ധമാകുന്നത്; പാട്ടല്ല. ഇതിലേക്ക് നയിക്കപ്പെടും എന്നതിനാൽ വികാരനിയന്ത്രണശീലമില്ലാത്തവൻ ഇത്തരം പാട്ടു കേൾക്കരുതെന്ന് അദ്ദേഹം ഉപദേശിക്കുന്നത് സൂക്ഷ്മതയുടെ പേരിലാകാം.

വിവാഹവേളകളിൽ പാട്ടുപാടാൻ നബി (സ) നിർദേശിച്ചിരുന്നു. ഇത് അനഭിലഷണീയമല്ലാത്ത ആഹ്ലാദമനുഭവിക്കുന്നതിനു വേണ്ടിയുള്ള അനുവദനീയമായ ആവിഷ്കാരവും ആസ്വാദനവുമാണ്. ഒരു വിവാഹത്തിന് വധുവിനെ കൊണ്ടുപോകുമ്പോൾ, അൻസ്വാറുകൾ (വരൻ അൻസ്വാരിയാണ്) വിനോദമിഷ്ടപ്പെടുന്നവരും ശൃംഗാര കാവ്യങ്ങളുള്ളവരുമാണെന്നും വധുവിന്റെ കൂടെ പാട്ടുപാടുന്ന പെൺകുട്ടി വേണമെന്നും അവൾ 'അതയ്നാകും അതയ്നാകും ഫഹയ്യൂനീ നുഹയ്യീകും' എന്ന് പാടിക്കൊള്ളട്ടെ എന്ന് നബി തിരുമേനി നിർദേശിച്ചതായും കാണാം (ഇമാം ഗസ്സാലിയുടെ നിരീക്ഷണങ്ങൾ. അവലംബം: *ഇഹ്‌യാ ഉലൂമിദ്ദീൻ*- ഇമാം ഗസ്സാലി; *മുസ്‌ലിം ധർമം: ഇമാം ഗസ്സാലിയുടെ വിശകലനം*, ഡോ. ഹുസൈൻ രണ്ടത്താണി; *ഇസ്‌ലാമും കലയും*- യൂസുഫുൽ ഖറദാവി).

ഇപ്രകാരം സർഗശേഷി ഉൾപ്പെടെയുള്ള, മനുഷ്യന്റെ ചോദനകളെയും സാധ്യതകളെയും ഇസ്‌ലാം പരിഗണിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. ഉത്തമനായ വ്യക്തിയെയും ധാർമിക ഭദ്രതയുള്ള സമൂഹത്തെയും സൃഷ്ടിക്കുകയെന്നത് ഇസ്‌ലാമിന്റെ ലക്ഷ്യമാണ്. മനുഷ്യനെ കൂടുതൽ മാനവീകരിക്കലും മാനുഷികമായ കൂട്ടുജീവിത വ്യവസ്ഥിതി ഊട്ടിയുറപ്പിക്കലും കലയുടെ ലക്ഷ്യങ്ങളാണെന്ന് ഈ ഖണ്ഡത്തിന്റെ തുടക്കത്തിൽ പറഞ്ഞിട്ടുണ്ട്.

ഈ ലക്ഷ്യത്തിലൂന്നിയ പ്രവർത്തനങ്ങൾക്കും പ്രബോധനങ്ങൾക്കും വേണ്ടി ഹസ്സാനുബ്നു സാബിത്തിനെപോലുള്ളവരുടെ രചനാവൈഭവത്തെ പ്രവാ

ചകൻ ഉപയോഗപ്പെടുത്തി. “ഹസ്സാനേ, പാടുക. നിന്റെ കൂടെ പരിശുദ്ധാത്മാവുണ്ട്” എന്നദ്ദേഹം അരുളുകയും ചെയ്തു. *ബാനത് സുആദ്* എന്ന പേരിൽ ദീർഘമായ കാവ്യം ആലപിച്ചുകൊണ്ടാണ് കഅ്ബുബ്നു സുഹൈർ ഇസ്‌ലാമിലേക്ക് പ്രവേശിച്ചതുതന്നെ.

ശൈഖ് യൂസുഫുൽ ഖറദാവി, താൻ രണ്ട് നാടകങ്ങൾ രചിച്ചതായി പറയുന്നുണ്ട് (*ഇസ്‌ലാമും കലയും*). ഒന്ന്, യൂസുഫ് നബിയെക്കുറിച്ച കാവ്യ നാടകമാണ്. രണ്ടാമത്തേത് ‘പണ്ഡിതനും അക്രമിയും’ എന്ന പേരിൽ സഈദ്ബ്നു ജുബൈറിനെയും ഹജ്ജാജ്ബ്നു യൂസുഫിനെയും കുറിച്ച ചരിത്ര നാടകവും. രണ്ടാമത്തേതിന് വൻ സ്വീകാര്യത ലഭിച്ചതായി അദ്ദേഹം പറയുന്നുണ്ട്. പ്രവാചകന്മാരുടെ ചിത്രീകരണം പാടില്ലെന്ന് ആധുനിക പണ്ഡിതന്മാർ തീരുമാനിച്ചതിനാൽ ഒന്നാമത്തേതിന് വേണ്ടത്ര ശ്രദ്ധ കിട്ടിയില്ലെന്നും അദ്ദേഹം പറയുന്നു. ഈ തീരുമാനത്തെ അംഗീകരിക്കുന്നുവോ എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല.

എന്നാൽ ഇത്തരം തീരുമാനങ്ങളും നിയന്ത്രണങ്ങളും ആവിഷ്കാരത്തിന് മറ്റു ചില വഴികൾ തുറക്കുമെന്നും കരുതണം. മുസ്ത്വഫാ അഖാദിന്റെ അർരിസാല (The Message) എന്ന സിനിമയിൽ, പല സങ്കേതങ്ങളുപയോഗിച്ച് പ്രവാചകന്റെയും നാല് ഖലീഫമാരുടെയും സാന്നിധ്യം മുഴുനീളെ അനുഭവിപ്പിക്കുന്നുണ്ടെങ്കിലും അവരാരും നേരിട്ട് ചിത്രീകരിക്കപ്പെട്ടിട്ടില്ല.

## കലയും സാമൂഹിക വിപ്ലവവും

ഉത്തമകലയിൽ സൗന്ദര്യവും പ്രതിബദ്ധതയും ഒത്തുചേരുന്നുണ്ട്. ലോകം ഒരുപാട് ദുരന്തങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ മനുഷ്യന്റെ വിമോചനം സകല മനീഷികളുടെയും ലക്ഷ്യമായിരിക്കേണ്ടതുണ്ട്. മതം, ശാസ്ത്രം, കല എന്നീ രംഗങ്ങളിലെല്ലാം ഇത് ബാധകമാണ്. സാമൂഹിക മാനവിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും ശാസ്ത്രീയമായി വിശകലനം ചെയ്ത് പ്രതിവിധികൾ കണ്ടെത്താനും പ്രതിഭാശാലികൾ ശ്രമിക്കേണ്ടതുണ്ട്. സമൂഹത്തോട് തനിക്കുള്ള കടമ മറന്ന് മഹാദുരന്തങ്ങളുടെ നടുവിലും കേവലം വ്യക്തിഗത ദാർശനിക ദുഃഖങ്ങളിൽ മുഴുകുന്ന സാഹിത്യകാരനും തന്റെ ജ്ഞാനത്തെ സാമൂഹിക വിമോചനത്തിനുള്ള ഉപായമാക്കാത്ത ശാസ്ത്രജ്ഞനും ആത്മീയ പരിശ്രമങ്ങളാൽ സ്വന്തം മനസ്സുഖവും നിർവൃതിയും മാത്രം ലക്ഷ്യമാക്കുന്ന തപസ്വിയുമൊന്നും തനിക്കപ്പുറം വളർന്നവരല്ല.




സി. രാധാകൃഷ്ണന്റെ നോവലുകളെക്കുറിച്ച് എം. ലീലാവതിയുടെ പഠനമായ ‘അപ്പുവിന്റെ അന്വേഷണം’ എന്ന ഗ്രന്ഥത്തിൽ പാപബോധ പീഡിതനായി ഇരിക്കണോ മരിക്കണോ എന്നലഞ്ഞന്വേഷിക്കുന്ന രവിയുടെ ഹൃദയ വ്യഥയെക്കാൾ (*ഖസാക്കിന്റെ ഇതിഹാസം* - ഒ.വി വിജയൻ) ഒരർഥത്തിൽ മഹത്തരമായിരിക്കുന്നത്, ഇന്നത്തെ ശാസ്ത്രജ്ഞനും സാഹിത്യകാരനും വേണ്ടത് ചെയ്തേ തീരൂ എന്ന ബോധത്തോടെ അന്വേഷണത്തിലേർപ്പെടുന്ന അപ്പുവിന്റെ (രാധാകൃഷ്ണന്റെ നോവലുകൾ) പരിശ്രമങ്ങളാണെന്ന് സമർഥിക്കുന്നുണ്ട്. നൈജീരിയൻ വിപ്ലവ കവി കെൻസാരോ വീവ ഇങ്ങനെ എഴുതുന്നു: “... നൈജീരിയൻ സാഹചര്യങ്ങളിൽ കല കലക്കു വേണ്ടിയാവുക അസാധ്യമാണ്. ഞങ്ങളുടെ സാഹിത്യം സമരോത്സുകമായേ തീരൂ. ഒരു സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ ജീവിതം അടിമുടി മാറ്റാനായി അതെന്തെങ്കിലും ചെയ്യേണ്ടതുണ്ട്.... എന്റെ സാഹിത്യംകൊണ്ട് വളരെയേറെ ജനങ്ങളുടെ ജീവിതത്തെ, ഒരു സമൂഹത്തിന്റെ, ഒരു രാഷ്ട്രത്തിന്റെ തന്നെ ജീവിതത്തെ മാറ്റിമറിക്കാൻ കഴിയണം. അതാണെന്റെ ലക്ഷ്യം.”

മഹത്തരമായൊരു സൃഷ്ടിയുണ്ടാകുന്നത് പുതിയൊരു കഥ പറയുമ്പോഴല്ല. തനതു ഭാഷയിൽ ശരിയായ സന്ദേശം നൽകുമ്പോഴാണ്. ചാർലി ചാപ്ലിൻ, മൊസ്യൂ വെർദുവിന്റെ (Monsieur Verdoux) കഥ പറഞ്ഞത്, മുതലാളിത്തത്തിനെതിരായ രൂക്ഷ പ്രതികരണമായി നമുക്കനുഭവപ്പെട്ടു. അതിമോഹിയായൊരു കൊലപാതകിയുടെ കഥ ഇക്കാലത്തോ ചാപ്ലിന്റെ കാലത്തുതന്നെയോ പുതിയ ഒന്നല്ല. എന്നിട്ടും അദ്ദേഹം പറഞ്ഞ കഥ അനുവാചകനിൽ വലിയൊരു അനുഭൂതിയുളവാക്കി. ഇപ്പോഴുമത് പുതിയ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു, പുതിയ അവബോധങ്ങളുളവാക്കുന്നു. സൗന്ദര്യവും പ്രതിബദ്ധതയും ഒത്തുചേരുന്ന ആവിഷ്കാരങ്ങൾ എല്ലായ്പ്പോഴും ആസ്വാദകരിൽ നവ്യാനുഭവങ്ങൾ സൃഷ്ടിക്കുന്നു. ജയിലിൽ കിടന്നുകൊണ്ട് ഫലസ്തീൻ കവി മഹ്മൂദ് ദർവീശ് തന്റെ മാതാവുമായുണ്ടായ വിരഹത്തിൽ തപ്തനായി എഴുതിയ കവിത, ഫലസ്തീൻ ദേശബോധത്തിന്റെയും ഫലസ്തീനിയുടെ സ്വാതന്ത്ര്യദാഹത്തിന്റെയും പ്രതീകമായി നാട്ടുകാർ നെഞ്ചേറ്റി.

സൃഷ്ടിയുടെ അസംസ്കൃത വസ്തുക്കൾ പുതിയ സ്വത്വമാർജിക്കുന്നതിനെപ്പറ്റി പറഞ്ഞു. ചരിത്രം കലാകാരന്റെ ഉപകരണമായിത്തീരുന്നതോടെ, വസ്തുനിഷ്ഠ ഭൂതകാലരേഖകൾ എന്ന നിലവിട്ട് പുതിയ രൂപഭാവങ്ങളും ആത്മീയ സത്തയുമാർജിക്കുന്നു. 1905ലെ പരാജയപ്പെട്ടുപോയ പോടെംകിൻ പടക്കപ്പൽകലാപം 1925ൽ സെർഗി ഐസൻസ്റ്റീന്റെ സിനിമയായി പുനഃസൃഷ്ടിക്കപ്പെട്ടപ്പോൾ, അത് അധിനിവേശ ശക്തികൾക്കെതിരായ പോരാട്ടത്തിന്റെ വിജയഗാഥയായിത്തീർന്നു. പുഴുവരിക്കുന്ന മാംസം, ഡോക്കിൽ തറഞ്ഞുകുത്തി നിൽക്കുന്ന മരക്കുരിശ്, ഒഡേസ്സാ പടവുകളിലൂടെ ആകുലരായിപ്പായുന്ന ജനക്കൂട്ടം, ചാടി വീഴുന്ന കുതിരപ്പട്ടാളം,

**ഒരേ ചരിത്രം ഖുർആനിൽ പലയിടത്തവതരിപ്പിക്കപ്പെടുമ്പോൾ പല രൂപവും ഭാവവും കൈവരുന്നു. ഈ രൂപഭാവങ്ങൾ നമ്മിൽ വ്യത്യസ്തവും അഗാധവുമായ അനുഭൂതികൾ സൃഷ്ടിക്കുന്നു. ചരിത്രം എന്നതിനു ഖുർആൻ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ പോലും ഓരോയിടത്തും വ്യത്യസ്തമാണ്. ആ പദങ്ങൾ അതത് പശ്ചാത്തലത്തെക്കുറിക്കുന്ന വലിയ ശീർഷകങ്ങളായും മാറുന്നു. ഭാഷയുടെ അഗാധതയും സൗന്ദര്യവും നമ്മെ അനുഭവിപ്പിക്കുന്ന ആവിഷ്കാരമാണത്.**

ചവിട്ടേറ്റ് മൃതപ്രായനായ മകന്റെ ശരീരം മാറോടടുക്കിപ്പിടിച്ച് വെടിയേറ്റ് മരിച്ചുവീഴുന്ന അമ്മ, പിടിവിട്ട് ഭയന്നു കരയുന്ന കുഞ്ഞിനെയും കൊണ്ട് പടവുകൾ ചാടിത്തെറിച്ച് താഴേക്ക് വന്ന് നമ്മുടെ മാറിടം പിളർന്നകത്തേക്കു കയറുന്ന പെരാമ്പുലേറ്റർ.. ഭ്രാന്തമായ അധികാരത്തിന്റെയും ധീരമായ ചെറുത്തുനിൽപുകളുടെയും എക്കാലത്തെയും മികച്ച ദൃശ്യങ്ങൾ സൃഷ്ടിക്കപ്പെട്ടത്, വലിയ സാങ്കേതിക വിദ്യകളുടെ പിന്തുണയില്ലാതെ, കറുപ്പിലും വെളുപ്പിലുമുള്ള നിശ്ശബ്ദ ചലച്ചിത്രങ്ങളുടെ കാലത്താണ്. യഥാർഥത്തിൽ സിനിമാറ്റോഗ്രാഫി എന്ന സാങ്കേതികവിദ്യയെ സിനിമ എന്ന കലാരൂപമാക്കി മാറ്റിയവരിൽ പ്രമുഖനാണ് ഐസൻസ്റ്റീൻ. നേരത്തേ പറഞ്ഞതുപോലെ, ഒരു സാങ്കേതികോപകരണം അതിന്റെ ഉപയോഗിത എന്നതിനപ്പുറമുള്ള ആധ്യാത്മികാവശ്യത്തെ പൂർത്തീകരിക്കുകയും പുതിയ സ്വത്വമാർജിക്കുകയും ചെയ്യുന്നു. ഐസൻസ്റ്റീന്റെ കൈയിൽ പോടെംകിൻ കലാപം എന്ന ചരിത്രവും വിപ്ലവ ചരിത്രത്തിലെ വിജയത്തിന്റെ നാഴികക്കല്ലായി പുനർജനിച്ചു. ചരിത്രം തന്നിൽ സൃഷ്ടിച്ച അനുഭൂതിയെയും ആ അനുഭൂതി ഭാവിയിലേക്കു നീട്ടുന്ന ദർശനത്തെയുമാണ് കലാകാരൻ അനുവാചകനുമായി പങ്കുവെക്കുന്നത്. മലയാളത്തിൽ സി. രാധാകൃഷ്ണൻ, ഭാഷാപിതാവിന്റെ ജീവചരിത്രത്തെ സമീപിച്ചതും ഒരു മാതൃകയാണ് (*തീക്കടൽ കടഞ്ഞ് തിരുമധുരം*). വലിയൊരു ദർശനത്തെയും അതിലധിഷ്ഠിതമായ സാമൂഹികതയെയുമാണ് നാമിതിൽ അനുഭവിക്കുന്നത്.

ലാറ്റിനമേരിക്കൻ സിനിമകൾ ചരിത്രത്തെ സമര പ്രതിരോധങ്ങൾക്കുള്ള അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തുന്നു. സമരോത്സുക കലയുടെ ഇക്കാലത്തെ ഏറ്റവും വലിയ മാതൃകകളാണ് ലാറ്റിനമേരിക്കൻ സിനിമകൾ. ഫെർനാന്റോ സൊലാനസും ഗ്ലോബർ റൊഷേയും മുതൽ പുതിയ ചലച്ചിത്രകാരന്മാർ വരെ, അനുവാചകരിൽ സമരവീര്യം പകരാൻ ശ്രമിച്ചുപോന്നിട്ടുണ്ട്.

ഇപ്രകാരം കലയുടെ സാമൂഹിക പ്രയോഗങ്ങളെ ഉയർത്തിപ്പിടിക്കുന്ന സൃഷ്ടികൾ അനുവാചകനെ അവന്റെ നിലപാട് വെളിപ്പെടുത്താൻ നിർബന്ധിതനാക്കുന്നു. തീക്ഷ്ണമായ യാഥാർഥ്യങ്ങളിൽനിന്ന് ഒളിച്ചോടാനുള്ള സാധ്യതകളെ പ്രതിരോധിക്കുകയും ചെയ്യുന്നു.

ചരിത്രത്തെയും ജീവിതത്തെയും ചുറ്റുപാടുകളെയുമൊക്കെ സർഗാത്മകമായും സൗന്ദര്യ പൂർണതയിലും ആവിഷ്കരിക്കുന്നതിന് ഖുർആൻ തന്നെയും മാതൃകകൾ സമർപ്പിക്കുന്നുണ്ട്. പ്രപഞ്ചത്തെയും ജീവിതത്തെയും കുറിച്ച സമഗ്ര ദർശനമാണ് ഖുർആൻ മുന്നോട്ടുവെക്കുന്നത്. ഈ ദർശനത്തെ തികച്ചും കാവ്യാത്മകമായി അവതരിപ്പിക്കുന്നു. പ്രപഞ്ച പ്രതിഭാസങ്ങൾ, മനുഷ്യ ചരിത്രം തുടങ്ങിയവയെ ഇതേ സമഗ്രതയോടെയും കാവ്യാത്മകമായും സമീപിക്കുന്നുമുണ്ട്. ഒരേ ചരിത്രം ഖുർആനിൽ പലയിടത്തവതരിപ്പിക്കപ്പെടുമ്പോൾ പല രൂപവും ഭാവവും കൈവരുന്നു. ഈ രൂപഭാവങ്ങൾ നമ്മിൽ വ്യത്യസ്തവും അഗാധവുമായ അനുഭൂതികൾ സൃഷ്ടിക്കുന്നു. ചരിത്രം എന്നതിനു ഖുർആൻ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ പോലും ഓരോയിടത്തും വ്യത്യസ്തമാണ്. ആ പദങ്ങൾ അതത് പശ്ചാത്തലത്തെക്കുറിക്കുന്ന വലിയ ശീർഷകങ്ങളായും മാറുന്നു. ഭാഷയുടെ അഗാധതയും സൗന്ദര്യവും നമ്മെ അനുഭവിപ്പിക്കുന്ന ആവിഷ്കാരമാണത്.


കെൻസാരോ വീവ

## കലയും ധാർമികതയും

മനസ്സ് പൊള്ളയാക്കപ്പെട്ട, ആത്മാവില്ലാത്ത ഒരാൾക്കൂട്ടമായി സമൂഹത്തെ കമ്പോളം പരിവർത്തിപ്പിച്ചിരിക്കുന്നു. ആ സമൂഹത്തിന്റെ അഭിനിവേശങ്ങളെ തൃപ്തിപ്പെടുത്തുന്ന ഉൽപന്നങ്ങൾ കലയുടെ ലേബലിൽ നിർമിക്കപ്പെടുകയാണ്. സിനിമയുമായി ബന്ധപ്പെട്ട് ഈ പ്രവണത കൂടുതൽ കാണാൻകഴിയും. "കൂലിക്ക് വാങ്ങാൻ ഏറ്റവും പറ്റിയ കലാരൂപമാണ് സിനിമ" (അലി ഇസ്സത്ത് ബെഗോവിച്ച്). ചേരുവകൾ ചേരുംപടി ചേർത്ത് സമ്പൂർണമാക്കിയ, ആസ്വാദ്യമായ ഒരുൽപന്നമെന്ന നിലക്കാണ് വ്യാപാര സിനിമ പ്രത്യക്ഷപ്പെടുന്നത്. വ്യാജവും കൃത്രിമവുമായ ജനപ്രിയ ചേരുവകളുടെയും ജനാഭിമുഖ്യ പ്രമേയങ്ങളുടെയും അവതരണത്തിലൂടെ അനാരോഗ്യകരമായ ഉപഭോഗവാസനകൾക്കും പ്രേരണകൾക്കും അത് മനുഷ്യനെ അടിപ്പെടുത്തുന്നു. നാം എന്തു കാണണമെന്നും കേൾക്കണമെന്നുമൊക്കെ കമ്പോളം തീരുമാനിക്കുകയാണ്. ഇങ്ങനെ കമ്പോളം രൂപപ്പെടുത്തുന്ന ആൾക്കൂട്ടമാണ് ഇപ്പോഴത്തെ പൊതു അനുവാചക സമൂഹമായി വിശേഷിപ്പിക്കപ്പെടുക. ഈ വിശേഷണത്തിന്റെ മറവിൽ നിലവാരമില്ലാത്തത് വിറ്റഴിക്കപ്പെടുന്നു. നിലനിൽക്കുന്ന സമൂഹഘടനയെ സംരക്ഷിച്ചുകൊണ്ട് ജനകീയ പ്രശ്നങ്ങളെ ഉപരിപ്ലവമായി അവതരിപ്പിക്കുന്നതും ഇതേ ജനപ്രിയതയുടെ മറവിൽതന്നെ. ഇങ്ങനെ ഒട്ടും പുരോഗമനോന്മുഖമല്ലാത്ത സമൂഹത്തെ സൃഷ്ടിച്ചെടുത്ത കമ്പോളം മനുഷ്യന്റെ സകല വൈകാരിക പ്രചോദനങ്ങളെയും കച്ചവടച്ചരക്കാക്കിയത് സമൂഹത്തിൽ അധാർമിക അനാശാസ്യ പ്രവണതകൾ വർധിക്കാനും കാരണമായിട്ടുണ്ട്.

ശരിയായ ധാർമിക പരിപ്രേക്ഷ്യത്തിൽ മനുഷ്യന്റെ സർഗാവിഷ്കാരങ്ങളെ വളർത്തിയെടുക്കാനും സാഹിത്യാദി കലകളുടെ കൃത്യമായ സാമൂഹിക പ്രയോഗങ്ങളിലൂടെ അവയെ പരിവർത്തനത്തിന്റെ ചാലകങ്ങളാക്കിത്തീർക്കാനും, ധർമബോധവും പുരോഗമനോന്മുഖതയും വിപ്ലവാഭിമുഖ്യവുമുള്ള ഒരു സമൂഹത്തിന് സാധിക്കേണ്ടതാണ്. ■

(അവസാനിച്ചു)

tpmshameem@gmail.com